# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *245** — **18.06.2019-ൽ മറുപടിയ്ക്ക്**

## സംസ്ഥാന റോഡ് വികസന പദ്ധതി

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**
**ശ്രീ.എം.ഉമ്മർ**
**ശ്രീ.അബ്ദുൽ ഹമീദ് പി.**
**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

(എ) റോഡുകളുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ച സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി)യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)**

എ) വിലയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1200 കി.മീ. റോഡുകളുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). സംസ്ഥാന റോഡു വികസന പദ്ധതി (എസ്.ആർ.ഐ.പി) - യുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളാണ്. 06/12/2012 - ലെ ജി.ഒ (എം.എസ്സ്) നം. 91/2012/ പൊ.മ.വ. ഉത്തരവ് പ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി ലഭിക്കുകയുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് 551 കി.മീറ്ററിന് 892.11 കോടിയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി.മീ. റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡ് വികസന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും സർക്കാർ

അനുമതി നൽകിയിട്ടുണ്ട്.

**1.<u>സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ടുത്തി നവീകരിച്ച റോഡ് പ്രവൃത്തികൾ.</u>**

<u>പാക്കേജ് (എ) (കാസർഗോഡ് ജില്ല)</u>

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ.
2. ഉപ്പള – കനിയാന റോഡ് -15.6 കി.മീ.

<u>പാക്കേജ് (ബി)</u>

1. വെള്ളനാട് ചെറ്റച്ചൽ റോഡ് (തിരുവനന്തപുരം ജില്ല) – 21.90 കി.മീ
2. കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് (കോട്ടയം ജില്ല) – 36.10 കി.മീ.

മേൽപ്പറഞ്ഞ പ്രവൃത്തികൾ പി.പി.പി. ആന്യൂറ്റി വ്യവസ്ഥയിലാണ് നടത്തിവരുന്നത്. പാക്കേജ് - എ (മോഡിഫൈഡിന്) നിർമ്മാണ കാലാവധി ഒരു വർഷവും പരിപാലന കാലാവധി 14 വർഷവും ആന്യൂറ്റി തുക 21.46 കോടി രൂപയുമാണ്. ഈ പാക്കേജിന്റെ കൺസഷനയർ കമ്പനി റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും റോഡുകളുടെ ഉദ്ഘാടനം 24/11/2017 ന് നിർവ്വഹിച്ചു. 14 വർഷത്തെ പി.പി.പി. ആന്യൂറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയാണ്.

പാക്കേജ് - ബിയുടെ നിർമ്മാണ കാലാവധി 2 വർഷവും പരിപാലന കാലാവധി 13 വർഷവും ആന്യൂറ്റി തുക 37.40 കോടി രൂപയുമാണ്. 2018 ഒക്ടോബറിൽ നിർമ്മാണം പൂർത്തിയാക്കിയ പാക്കേജ് - ബി റോഡുകളിൽ കാഞ്ഞിരപ്പള്ളി - കാഞ്ഞിരംകവല റോഡിന്റെ ഉദ്ഘാടനം

03/02/2019 ന് നിർവഹിച്ചു. 13 വർഷത്തെ പി.പി.പി. ആന്യൂറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയാണ്.

## 2. <u>കരമന — വെള്ളറട റോഡ് (35.5 കി.മീ)</u>

കരമന — വെള്ളറട റോഡ് (35.5 കി.മീ) അപ്ഗ്രേഡ് ചെയ്യുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും അതിൻപ്രകാരം 16/02/2016 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 335/2016/പൊ.മ.വ. പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കായി 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി റോഡ് വികസനത്തിനായി 6 (1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും പ്രസ്തുത റോഡിൽ സർവ്വേ നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ 5.50 കി.മീ 4(1) നോട്ടിഫിക്കേഷൻ 06/03/2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യത്തെ 5.5 കി.മീറ്ററിന്റെ പാരിസ്ഥിതിക പഠനം റവന്യൂ വകുപ്പ് നടത്തിവരികയാണ്.

## 3. <u>ആലപ്പുഴ തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ)</u>

10/11/2017 ലെ ജി.ഒ (ആർ.റ്റി) നം. 1675/2017/പൊ.മ.വ. ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിച്ചത് പ്രകാരം ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**4. വൈപ്പിൻ - മുനമ്പം - റോഡ് (25.5 കി.മീ**

10/11/2017 – ലെ ജി.ഒ(ആർ.റ്റി) നം.1675/2017/പൊ.മ.വ. ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതു പ്രകാരം ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ റിക്ക് സമീപിച്ചിട്ടുണ്ട്.

**(ബി)** ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മുൻ സർക്കാരിന്റെ കാലത്താരംഭിച്ച പാക്കേജ് എ പാക്കേജ് ബി എന്നിവയിലെ 4 റോഡുകൾ മാത്രമാണ് റിക്ക് ലിമിറ്റഡിന് കീഴിൽ ഉണ്ടായിരുന്നത്. റിക്ക് കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ 2017 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു.ധനകാര്യ മന്ത്രി നിർദ്ദേശിച്ച റോഡുകളിൽ താഴെപ്പറയുന്ന 3 റോഡുകളുടെ വികസന പ്രവൃത്തികൾ റിക്ക് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി.

1. കരമന – വെള്ളറട റോഡ് (35.5 കി.മീ)
2. ആലപ്പുഴ തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ)
3. വൈപ്പിൻ - മുനമ്പം – റോഡ് (25.5 കി.മീ)

ഇതുകൂടാതെ കിഫ്ബി ഫണ്ട് മുഖാന്തിരം വികസനം നടത്തുന്ന 5 റോഡുകളുടെ പ്രവൃത്തികൾക്ക് റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയമിക്കുകയുണ്ടായി.

എന്നാൽ റിക്ക് ചെയ്തുവരുന്ന പ്രവൃത്തികളിൽ വലിയ കാലതാമസം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രയധികം പണം ഉപയോഗിച്ച് ചെയ്തിട്ടും ഉദ്ദേശിച്ച ഫലം കിട്ടിയോ എന്ന് RICK ന്റെ നിർമ്മാണങ്ങളിൽ ഒരു audit ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

**(സി)** പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി റീഹാബിലിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ റോഡുകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(സി) ധന സ്രോതസ്സു കൂടി കണക്കിലെടുത്തു മാത്രമേ സർക്കാർ പുതിയ പദ്ധതികൾ പരിഗണിക്കാനാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ